# കൊലകൾക്കുള്ള അനിയന്ത്രിതാനുമതി അഥവാ കമ്പനിയെ വിജയിപ്പിക്കാൻ ഒരു പഠനസഹായി

**നിത്യാനന്ദ് ജയരാമൻ**
തർജ്ജമ: പ്രൊഫ. എൻ.എൻ.ഗോകുൽദാസ്

**സാധാരണ** കൊലയാളികളെ അപേക്ഷിച്ച് കോർപറേറ്റ് മേധാവികൾ വിലകൂടിയ കാറുകളിൽ വന്നെത്തുന്നു. ചുറ്റും സുഗന്ധം പരത്തുന്നു. സർക്കാരുകളുടെ നയരൂപീകരണ വൃത്തങ്ങളിൽ എളുപ്പം കയറിക്കൂടുന്നു.

നിങ്ങൾക്ക് കുറ്റവാസനയുണ്ടായെന്നുവരാം. നിയമത്തെ ഭയന്ന് കുറ്റം ചെയ്തില്ലെന്നും വരാം. കൊള്ള ചെയ്യണമെന്ന് തോന്നിയെന്നിരിയ്ക്കട്ടെ; പക്ഷേ, പോലീസിനെ ഭയപ്പെടുന്നതുകൊണ്ട് അതിന് മുതിർന്നില്ലെന്നും വരാം. എന്നാൽ കൊള്ള ചെയ്യാനും മറ്റുള്ളവരെ അംഗഭംഗം വരുത്താനും കൊല്ലാനും സുരക്ഷിതമായ മാർഗ്ഗങ്ങളുണ്ട്. നിയമത്തിന്റെ പിടിയിൽ പെടില്ല. തടിച്ച ശമ്പളം പറ്റാം; ലാഭവിഹിതവും വാങ്ങാം. അസാരം വക്രബുദ്ധിയുണ്ടെങ്കിൽ നാം ജീവിക്കുന്ന ലോകത്ത് കാര്യങ്ങൾ എത്ര എളുപ്പമാണെന്നോ? അറ്റകൈയ്ക്ക് ശിക്ഷ കിട്ടുമെന്നുറപ്പായാൽ തന്നെ ന്യായാധിപന്റെ സഹതാപം നിങ്ങളോടായിരിക്കും. കാലം കടന്നുപോകുമ്പോൾ പൊതുജനത്തിന്റെ വലിയൊരു പങ്കുതന്നെ കുറ്റവാളിയുടെ നേരെയുള്ള ഇരയുടെ എതിർപ്പിനെ ന്യായീകരിക്കാൻ മടിച്ചേക്കാം.

മേൽപറഞ്ഞ കാര്യം വൻ (ലിമിറ്റഡ് ലയബിലിറ്റി) കമ്പനി മേധാവികൾക്ക് ബോധ്യമുള്ള കാര്യമാണ്. അവർക്ക് ജലാശയങ്ങളെയും നദികളെയും മലിനീകരിക്കാം. ജനവാസകേന്ദ്രങ്ങളെ ഉടച്ചുനീക്കാം. ദേശസാൽകൃത ബാങ്കുകളെ കബളിപ്പിക്കാം. മുത്തശ്ശിയുടെ നിക്ഷേപവുമായി മുങ്ങാം. തദ്ദേശവാസികൾ പുണ്യഭൂമിയായി കണക്കാക്കുന്നയിടങ്ങളിൽ വികിരണ വിസർജ്യങ്ങൾ വിതറി നാശം വിതയ്ക്കാം. കമ്പനിയുടെ ആസ്തിയിൽ കവിയാത്ത നഷ്ടപരിഹാരമല്ലേ അങ്ങേയറ്റത്തെ പ്രതിസന്ധിയിൽപോലും നൽകേണ്ടി വരികയുള്ളൂ? കമ്പനിയുടെ ആസ്തി എങ്ങനെ സംരക്ഷിക്കാമെന്ന് പറഞ്ഞുതരാൻ അപ്പോഴും സർഗാത്മകതയുള്ള കണക്കപ്പിള്ളമാർ നമ്മുടെ സേവനത്തിന് തയാറാണ്.

യൂണിയൻ കാർബൈഡിന്റെ കാര്യമെടുക്കുക. കമ്പനിത്തലവൻ വാറൻ ആന്റേഴ്സണും മറ്റു ഉന്നതാധികാരികൾക്കും കാര്യങ്ങൾ മുമ്പേ അറിയാമായിരുന്നു. ആളുകൾ തിങ്ങിപ്പാർക്കുന്ന ഭോപ്പാലിൽ ഫാക്ടറി സ്ഥാപിക്കുന്നത് ശരിയല്ല. അപകടമുണ്ടായാൽ കാര്യങ്ങൾ നിയന്ത്രണാതീതമായിരിക്കും. പക്ഷേ, കമ്പനിയുടെ ലാഭസാധ്യതയുമായി തട്ടിച്ചുനോക്കുമ്പോൾ അപകടസാധ്യത എത്രയോ നിസ്സാരം! പിന്നീട് നടന്ന സംഭവങ്ങൾ ഈ തീരുമാനത്തെ ശരിവെച്ചു! ഇരുപതിനായിരം പേർ കൊല്ലപ്പെട്ടിട്ടുണ്ടാകാം. ഭാവി തലമുറകൾക്ക് വൈകല്യങ്ങൾ ഉണ്ടാകാം. പക്ഷേ, ജനസാന്ദ്രതയുള്ള സ്ഥലത്ത് അപകടസാധ്യതയുള്ള വികലമായ ഫാക്ടറി സ്ഥാപിക്കാൻ രേഖകൾ ഒപ്പിട്ട വാറൻ ആന്റേഴ്സൺ മണിമാളികയിൽ വസിക്കുന്നു. ഭോപ്പാലിലെ ദുരന്തത്തിനിരയായവർക്ക് നല്കിയ 25,000 രൂപയുടെ നാലിരട്ടി പ്രതിമാസം ഗോൾഫു ക്ലബ്ബിൽ വരിസംഖ്യയടയ്ക്കുന്നു!

ഭോപ്പാലിന്റെ കഥ ഇരുപതാണ്ട് പഴകിയപ്പോഴും പ്രശ്നങ്ങൾ അവസാനമില്ലാതെ തുടർന്നു. നാസിക് -പൂനെ ഹൈവേയിൽ സംഗാമ്നിർ നഗരത്തിനടുത്തുള്ള കുപ്രസിദ്ധ ഫാക്ടറിയായ മംഗലം ഡ്രഗ്സ് ഏന്റ് കെമിക്കൽസിൽനിന്ന് ക്ലോറിൻ ചോർന്ന് 150 പേർക്ക് വിഷബാധയുണ്ടായത് 2003 നവംബർ 26-നായിരുന്നു. ഭോപ്പാൽ 19-ാം വാർഷികത്തിന് ആഴ്ചകൾക്കുമുമ്പേ നടന്ന ഈ സംഭവം നഗരത്തിന് വെളിയിൽ വലിയ പ്രതികരണമുണ്ടാക്കിയതേയില്ല! നാട്ടുകാർ നഗരഭരണകൂടത്തിനും മറ്റു ബന്ധപ്പെട്ട അധികൃതർക്കും ഫാക്ടറി സൃഷ്ടിക്കുന്ന മലിനീകരണത്തെക്കുറിച്ച് പരാതി നൽകിയിരുന്നു. തങ്ങളുടെ ജീവിതം ഫാക്ടറി ദുസ്സഹമാക്കുന്നുവെന്ന് പരാതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. മലിനീകരണ നിയന്ത്രണ ബോർഡ് ഫാക്ടറി പൂട്ടാൻ ഉത്തരവിട്ടു. പക്ഷേ, ഹൈക്കോടതി ഉത്തരവ് തള്ളി. 150 പേർക്ക് വിഷബാധയും 18 പേർക്ക് ഗുരുതരമായ സ്ഥിതിവിശേഷവും ഉണ്ടാകുന്നതുവരെ ഈ കോടതിയുത്തരവിന്റെ പിൻബലത്തിൽ ഫാക്ടറിക്കു പ്രവർത്തിക്കാൻ കഴിഞ്ഞു!

ഒരുകൊല്ലം കഴിഞ്ഞപ്പോഴാണ് ബീഹാറിലെ ഗയയ്ക്കു സമീപംവെച്ച് സത്യേന്ദ്ര ദുബേ 'തിരിച്ചറിയപ്പെടാൻ കഴിയാത്ത' ഗുണ്ടകളാൽ കൊല്ലപ്പെട്ടത്. പ്രധാനമന്ത്രിയുടെ ഓഫീസിലേക്ക് കോൺട്രാക്ടർമാർ നടത്തുന്ന അഴിമതിയെക്കുറിച്ച് കത്തയച്ചതാണ് ദുബേ നടത്തിയ കുറ്റകൃത്യം! കത്ത് ചോർന്നു. കോർപ്പറേറ്റ് താൽപ്പര്യങ്ങൾക്കെതിരായ കത്ത് പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്നാണ് ചോർന്നതെന്ന് ആരോപണമുണ്ടായിരുന്നു.

ഭോപ്പാൽ കൂട്ടക്കൊലയായാലും സംഗാമ്നിർ അപകടമായാലും ദുബേയുടെ കൊലപാതകമായാലും ഒരേ ശൃംഖലയുടെ കണ്ണികളാണ്. സാധാരണക്കാർ, തൊഴിലാളികൾ, ഉപഭോക്താക്കൾ, ഭരണകൂടം എന്നിവരടങ്ങുന്ന സമൂഹത്തിനെതിരെ കോർപറേറ്റ് താല്പര്യങ്ങൾ നടത്തുന്ന ക്രിമിനൽ കുറ്റങ്ങളാണിവ.

## ലിമിറ്റഡ് ലയബിലിറ്റി (ബാദ്ധ്യത പരിമിതം)

എങ്ങനെയും ലാഭം കൊയ്യുക എന്നതാണ് കമ്പനിയുടെ ലക്ഷ്യം. യൂണിയൻ കാർബൈഡും മംഗലം കെമിക്കൽസും സുരക്ഷിതത്വവും പരിസ്ഥിതി മാനദണ്ഡങ്ങളും അവഗണിച്ചു. ദുബേയുടെ കാര്യത്തിൽ കമ്പനി തങ്ങളുടെ തെറ്റുകളെ മൂടിവെയ്ക്കാനാഗ്രഹിച്ചു. ഈ തെറ്റുകളുടെ അഥവാ കുറ്റകൃത്യങ്ങളുടെ ഇരകളെ അധികാരിവൃന്ദവും അവഗണിച്ചു.

തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കോർപറേറ്റുകൾ എല്ലാ മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തുന്നു. കൈക്കൂലി, പ്രീണനം, പീഡനം, സ്ഥാനമാറ്റം, സസ്പെൻഷൻ, കള്ളക്കേസുകൾ, രാഷ്ട്രീയ സമ്മർദം, പോലീസിനെ ദുരുപയോഗപ്പെടുത്തൽ, കൈയേറ്റം, കൊല എന്നിവയൊക്കെ അവരുടെ പ്രവർത്തനശൈലികളിൽപ്പെടുന്നു. നിയമവും നിയമനിർമ്മാതാക്കളും നിയമപാലകരും കമ്പനികളുടെ സഖ്യകക്ഷികളാണ്. കോർപറേഷനുകളെ ക്രിമിനലുകളായി കാണാൻ കോടതികൾക്ക് പ്രയാസമാണ്. കമ്പനി മാനേജ്മെന്റിന്റെ തലപ്പത്തുള്ളവരാണല്ലോ യഥാർത്ഥ കുറ്റവാളികൾ. അവരാകട്ടെ ഉന്നതങ്ങളിലുള്ളവരുടെ സുഹൃത്തുക്കളും!

ക്രിമിനൽ കുറ്റത്തിന്റെ ഫലമായുണ്ടാകുന്ന ബാദ്ധ്യതകൾ കൊടുത്തുതീർക്കുകയെന്നതാണ് ഡയറക്ടർമാരുടെ സമീപന ശൈലി. അത് അവരുടെ ധർമ്മവുമത്രെ. കോർപറേഷനുകൾ നിയമത്തിനതീതമാണോ എന്ന് സംശയം തോന്നാവുന്നതാണെന്ന് നിയമ ഗവേഷണരംഗത്ത് പ്രവർത്തിക്കുന്ന ഉഷാ രാമനാഥൻ പറയുന്നു. 2004 സെപ്റ്റംബർ 16ന് സുപ്രിം കോടതി നൽകിയ റൂളിംഗ് പ്രകാരം കോർപറേഷനുകൾക്കെതിരെ പിഴചുമത്താനേ കഴിയൂ. അല്ലാതെ അറസ്റ്റു ചെയ്യാൻ കഴിയില്ലല്ലോ! ഒന്നിനെതിരെ രണ്ട് എന്ന നിലയിലായിരുന്നു റൂളിംഗ്! നമ്മുടെ നീതിന്യായ സംവിധാനത്തിന്റെ ചിന്താദാരിദ്ര്യം ഈ റൂളിംഗിന് പിറകിലുണ്ടെന്ന് ഉഷാ രാമനാഥൻ പറയുന്നു!

ജയിലിൽ സെല്ലിനുള്ളിൽ അടച്ചിടുക എന്നാണ് തടവു വിധിയ്ക്കുക എന്നതുകൊണ്ട് അർഥമാക്കുന്നതെങ്കിൽ റൂളിംഗ് ശരി തന്നെ. പക്ഷേ, തടവുശിക്ഷയെന്നാൽ അതു മാത്രമല്ല. ചില സ്വാതന്ത്ര്യങ്ങളിലുള്ള നിയന്ത്രണം, തടഞ്ഞുവെയ്ക്കൽ എന്നിവയും ജയിൽശിക്ഷയിൽ ഉൾപ്പെടുന്നു. കുറ്റവാളിയെക്കൊണ്ട് പണിയെടുപ്പിക്കുന്നതും അദ്ധ്വാനത്തിന്റെ പ്രതിഫലം കുറ്റത്തിനിരയായവർക്കു നൽകുന്നതുമൊക്കെ തടവുശിക്ഷയുടെ അവിഭാജ്യഘടകമാണെന്ന പുതിയൊരു മാനംകൂടി അടുത്തകാലത്ത് നിലവിൽ വന്നിട്ടുണ്ട്. തടവുശിക്ഷയെ ഒരു പുനർനിർവചനത്തിന് വിധേയമാക്കണം. കമ്പനികൾക്കു ശിക്ഷ വിധിയ്ക്കുമ്പോൾ മേൽപറഞ്ഞ സാദ്ധ്യതകൾ പരിഗണിയ്ക്കപ്പെടണം (ഇക്കോളജിസ്റ്റ് ഏഷ്യാ ഡിസംബർ 2003).

ദുബേയുടെ കൊലപാതകവും സംഗാമ്നിർ ഫാക്ടറി ദുരന്തവും പരിഹരിയ്ക്കപ്പെടാതെ കിടക്കുകയാണ്. ഇവയിൽനിന്ന് നാം യാതൊരു പാഠവും ഉൾക്കൊള്ളുന്നില്ല. കമ്പനികൾ നടത്തുന്ന കുറ്റകൃത്യങ്ങളെക്കുറിച്ച് വേണ്ട ഉൾക്കാഴ്ചയും നമുക്കില്ലാതെ പോകുന്നു. കോർപറേറ്റ് ക്രിമിനലുകൾക്കെതിരെ തെളിവു കിട്ടുക എളുപ്പമാണ്. ദുബേയെപ്പോലുള്ളവർ അപൂർവമാണ്. ഭൂരിഭാഗം ഉന്നത ഉദ്യോഗസ്ഥന്മാരും ഭയംമൂലം യാതൊന്നും വെളിപ്പെടുത്താൻ തയ്യാറല്ല.

വിസിൽ വിളിയ്ക്കുന്നവർക്ക് നിയമം ഒരു സംരക്ഷണവും നൽകുന്നില്ല. ഒരു സ്ഥാപനത്തിന്റെ ക്രിമിനൽ കുറ്റങ്ങളെക്കുറിച്ച് എന്തെങ്കിലും വെളിച്ചത്താക്കിയാൽ തൊഴിൽ നഷ്ടവും പലപ്പോഴും ജീവഹാനിയും സംഭവിയ്ക്കാമെന്നതാണ് സത്യം! കോർപറേറ്റ് ക്രിമിനൽ പ്രവർത്തനങ്ങളെ സംബന്ധിച്ച അറിവും വളരെ കുറവുതന്നെ. ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ ഇതുസംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളില്ല. ഉത്തരം കുറ്റകൃത്യങ്ങൾ മൂലമുണ്ടാകുന്ന ധനനഷ്ടം വളരെ വലുതാണ്. ബാങ്ക് തിരിമറികൾ, പൊതു ഉടമയിലുള്ള കമ്പനികൾക്കുണ്ടാകുന്ന നഷ്ടങ്ങൾ, നിയമവിരുദ്ധമായ ലോക്കൗട്ടുകൾ, പാരിസ്ഥിതിക ദുരന്തങ്ങൾ, തൊഴിലിടങ്ങളിലെ സുരക്ഷിതത്വം സംബന്ധിച്ച നിയമങ്ങളുടെ ലംഘനങ്ങൾ – ഈ പട്ടിക ഇനിയും എത്രയോ വലുതാണ്!

കഴിഞ്ഞ യു.എസ്.പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ സ്ഥാനാർഥികൂടിയായിരുന്ന ഉപഭോക്തൃ പ്രവർത്തകൻ നാൽഫ് നാദിർ സർക്കാർ സ്ഥാപനങ്ങളിൽനിന്നും വ്യവസായ മേഖലയിൽനിന്നും കിട്ടിയ തെളിവുകളനുസരിച്ച് നാട്ടിലെ ഏറ്റവും വലിയ പ്രശ്നം 'കോർപറേറ്റ് ക്രൈമു'കളും വെള്ളക്കോളർ കുറ്റങ്ങളുമാണെന്ന് ചൂണ്ടിക്കാട്ടിയിരുന്നു. ആരോഗ്യരംഗത്തെ കുറ്റകൃത്യങ്ങൾമൂലം രാജ്യത്തിന് 10 കോടി ഡോളറും വിശ്വാസവഞ്ചനകൾമൂലം 25 കോടി ഡോളറും നഷ്ടമാകുന്നു.

യു.എസ്സിൽ 2002ൽ തട്ടിപ്പറി, ഭവനഭേദനം, കൊള്ള, കൊള്ളിവെപ്പ്, മോട്ടോർ വാഹനമോഷണം എന്നിവ മൂലമുണ്ടായ നഷ്ടം 1800 കോടി ഡോളറായിരുന്നു. ഇതിന്റെ മൂന്നിരട്ടിയിലേറെ തുക – 6000 കോടി ഡോളർ – എൻറോൺ കമ്പനിയുടെ ചതിയിൽ നഷ്ടപ്പെട്ടു. എൻറോണിൽ പണം നിക്ഷേപിച്ചവരിൽ പെൻഷൻകാരും തൊഴിലാളികളും ഉൾപ്പെടുന്നുവെന്ന് മറക്കാതിരിക്കുക!

മേൽപറഞ്ഞ ഇനത്തിൽപ്പെട്ട ക്രമിനൽ കുറ്റങ്ങൾ തടയാൻ ഇന്ത്യയിലുള്ള സംവിധാനം തീരെ അപര്യാപ്തമാണ്. 2003 നവംബറിലെ പി.ടി.ഐ. റിപ്പോർട്ട് അനുസരിച്ച് വെറും നാലുശതമാനം വെള്ളക്കോളർ കുറ്റങ്ങളേ പരമോന്നത കോടതിയുടെ തീർപ്പിൽ ശിക്ഷിയ്ക്കപ്പെടുന്നുള്ളൂ. മുൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഡയറക്ടറെ ഉദ്ധരിച്ചുകൊണ്ടാണ് പി.റ്റി.ഐ. റിപ്പോർട്ട് തയാറാക്കിയത്. അനവധി കോടികൾ വരുന്ന കുറ്റമായാലും ശിക്ഷ ഏതാനും ആയിരം രൂപയുടെ പിഴയിൽ അവസാനിക്കും!

യു.എസ്. ബഹുരാഷ്ട്ര കമ്പനിയായ യൂണിയൻ കാർബൈഡിന്റെ ഉദാഹരണമെടുക്കുക. കൂട്ടക്കൊലയ്ക്കുപോലും ശിക്ഷ ലഭിയ്ക്കുന്നില്ലെന്നു കാണാം. ഭോപ്പാൽ കൂട്ടക്കൊല കഴിഞ്ഞയുടൻ കുടുംബാംഗങ്ങൾ നഷ്ടപരിഹാരത്തിനായി യു.എസ്. കോടതിയെ സമീപിച്ചു. ഇന്ത്യൻ നീതിന്യായ സംവിധാനം കുറ്റമറ്റതാണെന്നും അതിനാൽ കുറ്റവിചാരണ ഇന്ത്യയിലാണ് നടക്കേണ്ടതെന്നും യൂണിയൻ കാർബൈഡ് അധികൃതർ ഇന്ത്യൻ കോടതികളുമായി സഹകരിക്കണമെന്നും അഭിപ്രായപ്പെട്ടുകൊണ്ട് യു.എസ്.കോടതി അപേക്ഷ തള്ളി. യൂണിയൻ കാർബൈഡ് അധികൃതർ സ്വന്തം നാട്ടിൽ കഴിഞ്ഞു. യൂണിയൻ കാർബൈഡും വാറൽ

ആന്റേഴ്സണും ഭോപ്പാൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ തീരുമാനപ്രകാരം പിടികിട്ടാപ്പുള്ളികളാണ്! കോടതി വിളിച്ചപ്പോഴൊന്നും അവർ ഹാജരായില്ല! ആന്റേഴ്സണെ ഇന്ത്യയ്ക്കു വിട്ടുതരാൻ പത്തുകൊല്ലം കഴിഞ്ഞ് അയച്ച നോട്ടീസിൽ അമേരിക്ക ഇന്നും നടപടി കൈക്കൊണ്ടിട്ടില്ല!

ആൾമാറാട്ടംവഴി കാർബൈഡ് വീണ്ടും ഇന്ത്യയിലെത്തി ഇന്ത്യയിൽ കാർബൈഡിനുള്ള സിവിൽ, ക്രിമിനൽ ബാധ്യതകളറിഞ്ഞുകൊണ്ടുതന്നെ ഡൗ കെമിക്കൽസ് എന്ന വൻകമ്പനി യൂണിയൻ കാർബൈഡ് കമ്പനിയെ സ്വന്തമാക്കി. ഇന്ത്യയിൽ പലയിടത്തും ഡൗ കെമിക്കൽ കമ്പനി ആപ്പീസുകൾ ആരംഭിച്ചു. നോസിൽ (Nocil) എന്ന കമ്പനിയുമായി സഹകരിച്ച് തങ്ങളുടെ ക്ലോർ പൈറിഫോസ് എന്ന അത്യന്തം അപകടകരിയായ കീടനാശിനി ഡഴ്സബൻ എന്ന പേരിൽ ഇപ്പോൾ അവർ വിറ്റഴിക്കുന്നു. ഇന്ത്യൻ ഭരണകൂടം ഇതിനെതിരെ നടപടിയെടുക്കുന്നില്ല.

സാധാരണ കുറ്റവാളികളെ അപേക്ഷിച്ച് കോർപറേറ്റ് ക്രിമിനൽ ശിക്ഷയർഹിക്കുന്നില്ലെന്ന ഒരു ധാരണ, ഒരു മുൻവിധി നമ്മുടെ മനസ്സിലുണ്ടെന്നു തോന്നുന്നു. കൊല്ലാനും വിഷബാധയേൽപ്പിക്കാനും കൊള്ള ചെയ്യാനുമുള്ള തീരുമാനങ്ങളെടുക്കുന്ന വാറൻ ആൻഡേഴ്സൺമാരെ 'നിയമമനുസരിച്ച് ജീവിയ്ക്കുന്ന മാന്യന്മാരായി' നാം കണക്കാക്കുന്നു! സാധാരണ കുറ്റവാളികളെ അപേക്ഷിച്ച് കോർപറേറ്റ് ക്രിമിനലുകൾ വില കൂടിയ കാറിൽ വന്നിറങ്ങുന്നു. ചുറ്റും സുഗന്ധം പരത്തുന്നു. ലോകമെമ്പാടുമുള്ള ഭരണകൂടങ്ങളുടെ നയരൂപീകരണ സമിതികളിൽ കയറിപ്പറ്റുന്നു!

മുൻകൂട്ടിയുള്ള തീരുമാനപ്രകാരം ദുബേയെപ്പോലുള്ളവരെ കൊല്ലുന്നവരെ സംബന്ധിച്ചിടത്തോളം നിയമം വളരെ വ്യക്തമായി അവരുടെ ശിക്ഷയെക്കുറിച്ച് പറയുന്നുണ്ട്. പക്ഷേ, കരുതിക്കൂട്ടിയുള്ള ഉപേക്ഷമൂലം നടത്തപ്പെടുന്ന വിഷബാധയുടെ കാര്യം അങ്ങനെയല്ല. മംഗലം കെമിക്കൽസ് തങ്ങളുടെ അമിത ധനമോഹംമൂലം നടത്തുന്ന ഉത്തരവാദിത്വമില്ലായ്മ തുടരുന്നു. ജനങ്ങളുടെ ജീവനും പരിസ്ഥിതിക്കും നേരെയുള്ള ഭീഷണി തുടരുന്നു. കൊലപാതകത്തെ സംബന്ധിച്ചിടത്തോളം കോടതിയുടെ നിലപാട് വ്യക്തമാണ്. പക്ഷേ, 'വികസന'ത്തിന്റെ മറവിൽ നടത്തുന്ന വിഷവാതക പ്രയോഗത്തിന്റെ കാര്യം വരുമ്പോൾ കോടതിയ്ക്ക് കൃത്യമായ നിലപാടെടുക്കാൻ കഴിയാതെ വരുന്നു.

*(നിത്യാനന്ദ് ജയരാമൻ ഭോപാൽ കാംപെയ്ൻ ഫോർ ജസ്റ്റീസിന്റെ വളണ്ടിയറും ചെന്നൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഗവേഷകനും പത്രപ്രവർത്തകനുമാണ്. E-mail : nity68@rediffmail.com).*

കടപ്പാട് ദി പീപ്പിൾസ് മൂവ്മെന്റ്


കേരളീയം

## കേരളീയം ഏഴാംവാർഷികാഘോഷം

# സൈക്കിൾ മഹോത്സവം

1998 നവംബറിൽ തൃശൂരിൽനിന്ന് ആരംഭിച്ച 'കേരളീയം' സാംസ്കാരിക പത്രം ഏഴ് വർഷങ്ങൾ പൂർത്തിയാക്കി എട്ടാം പിറന്നാളിലേക്ക് പ്രവേശിക്കുകയാണ്. അർത്ഥവത്തും സജീവവും വ്യത്യസ്തവുമായ ഒരാഘോഷം നമ്മളാഘോഷിക്കുകയാണ്.

മനുഷ്യൻ കണ്ടെത്തിയതിൽവെച്ചേറ്റവും പരിസ്ഥിതി സൗഹൃദവും അനുയോജ്യവുമായ കണ്ടുപിടുത്തവും വാഹനവുമാണ് സൈക്കിൾ. മോട്ടോർ വാഹനങ്ങളുടെ പെരുപ്പം മൂലവും മറ്റുമുണ്ടായ ട്രാഫിക് തകരാറുകളും മാലിന്യ-സാമ്പത്തിക പ്രശ്നങ്ങളും ഒരു പരിധിവരെ കുറയ്ക്കാൻ സൈക്കിൾ സവാരി ശീലംകൊണ്ട് കഴിയും.

പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളിലൂടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന 'കേരളം സൈക്കിൾ യാത്ര' ആകർഷകമായ സൈക്കിൾ മഹോത്സവം സംഘടിപ്പിക്കാൻ നമുക്ക് പ്രചോദനമായിട്ടുണ്ട്.

സൈക്കിൾ ഘോഷയാത്ര, സൈക്കിളുകളുടെ പ്രദർശനം, സൈക്കിൾ യാത്രികരെ/കടക്കാരെ/റിപ്പയർമാരെ ആദരിക്കൽ, സൈക്കിൾ സഞ്ചാരികളുടെ ഓർമ്മകൾ, അനുഭവങ്ങൾ പങ്കിടൽ, സൈക്കിൾ ഫോട്ടോ-ചിത്ര-ശില്പ പ്രദർശനങ്ങൾ. സൈക്കിൾ സിനിമകളുടെ ('ബൈസിക്കിൾ തീവ്സ്', 'ദ സൈക്കിളിസ്റ്റ്'...) പ്രദർശനം, നാടകാവതരണങ്ങൾ, സ്പീഡ് & സ്ലോ സൈക്കിൾ റേയ്സ്, ചെടി നടൽ, സൈക്കിൾ യാത്രികർക്ക് സ്വീകരണം, സൈക്കിൾ ലേഖനമത്സരം തുടങ്ങിയ പരിപാടികളോടെ ആഘോഷം ആലോചിക്കുന്നു. തൃശൂരിലേയും പരിസരത്തെയും സാമൂഹിക, സാംസ്കാരിക സംഘടനകളുടെയും സർക്കാർ-അർദ്ധസർക്കാർ/ഔദ്യോഗിക/വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വ്യാവസായികളുടേയും തൊഴിലാളികളുടേയും സ്ത്രീകളുടേയും വിദ്യാർത്ഥികളുടേയും മുൻകൈ സഹകരണത്തോടെ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഈ പരിപാടി ഒരു മഹോത്സവമാക്കി മാറ്റാൻ താങ്കളുടെയും സുഹൃത്തുക്കളുടെയും പിന്തുണയും സഹകരണവും തേടുന്നു.

തീർച്ചയായും ബന്ധപ്പെടുമല്ലോ.

കൺവീനർ, സൈക്കിൾ മഹോത്സവം,
C/o. കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 0487-2421385.